# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354      15.03.2017-ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ നിക്ഷേപ-വായ്പ അനുപാതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും നിക്ഷേപ-വായ്പ അനുപാതം 31.12.2016-ന് എത്ര ആയിരുന്നു; | (എ) | സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും 31/12/2016 ലെ നിക്ഷേപ-വായ്പാ അനുപാതം ചുവടെ ചേർക്കുന്നു.<br>സംസ്ഥാന സഹകരണ ബാങ്ക് 69.85%<br>ജില്ലാ സഹകരണ ബാങ്കുകൾ 50.21%<br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ 65.39% |
| (ബി) | നിക്ഷേപ-വായ്പ അനുപാതം ആരോഗ്യകരമായ നിലവാരത്തിലും വളരെ താഴെയായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; | (ബി) | 31/03/2016 നിക്ഷേപ-വായ്പ അനുപാതവുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രാഥമിക, ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതത്തിൽ നിലവിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.<br><br>ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് നിയമാനുസൃതം നിക്ഷേപത്തിൽ നിന്നും എസ്.എൽ.ആർ., സി.ആർ.ആർ. എന്നീ കരുതലുകൾ സൂക്ഷിച്ചശേഷം ബാക്കിയുള്ള തുക മാത്രമേ വായ്പയായി നൽകാൻ കഴിയുകയുള്ളൂ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നിയമാനുസൃതം സൂക്ഷിക്കേണ്ട തരളധനം (Fluid resources) സൂക്ഷിച്ചശേഷം ബാക്കിയുള്ളവ മാത്രമേ വായ്പയായി നൽകാൻ കഴിയുകയുള്ളൂ. നോട്ട് നിരോധനം മുഖേനയുണ്ടായ താൽക്കാലിക പ്രതിസന്ധി മൂലം സഹകരണ മേഖലയിൽ വായ്പാ വിതരണത്തിൽ കുറവുണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനു വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനായി ടി സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വിവിധ വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒരു അംഗത്തിന്/ വ്യക്തിക്ക് നൽകാവുന്ന വായ്പകളുടെ പരിധി (IMBP)-യും വർദ്ധിപ്പിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണം 2017' പദ്ധതി സഹകരണ ബാങ്കുകളിൽ നടപ്പാക്കിവരുന്നു. ഈ നടപടികളിലൂടെ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്ന് കണക്കുകൂട്ടുന്നു. |

സെക്ഷൻ ഓഫീസർ